77 (601) "പുളിങ്ങോം വില്ലേജിലെ കൈവശ കൃഷിക്കാർ നേരിടുന്ന കുടിയിറക്ക് ഭീഷണി"

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര പഞ്ചായത്തിലെ പുളിങ്ങോം വില്ലേജിലെ ആറാട്ടുകടവിലെ കൈവശ കൃഷിക്കാർ കർണ്ണാടക വനംവകുപ്പു അധികൃതരിൽ നിന്നും കുടിയിറക്ക് ഭീഷണി നേരിടുന്ന പ്രശ്നത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. തളിപ്പറമ്പ് താലൂക്കിലെ പുളിങ്ങോം വില്ലേജിലെ കൈവശ കൃഷിക്കാരെ കുടിയൊഴിപ്പിക്കുന്ന നടപടിയിൽ അടിയന്തിരമായി ഇടപെട്ട് കർണ്ണാടക വനം വകുപ്പ് അനധികൃതരെ പിന്തിരിപ്പിക്കണമെന്ന് കർണ്ണാടക ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

78 (602) കൊയിലാണ്ടിയിലെ പഴയ താലൂക്ക് ഓഫീസ് കെട്ടിടം കോടതിക്ക് കൈമാറ്റം ചെയ്യാൻ നടപടികൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടിയിലെ പഴയ താലൂക്ക് ഓഫീസ് കെട്ടിടം കൊയിലാണ്ടി കോടതിക്ക് കൈമാറ്റം ചെയ്യാൻ സർക്കാർ നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റിയെങ്കിലും താലൂക്ക് ഓഫീസിന്റെ റിക്കാർഡ്റും പഴയ കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്നു. പ്രസ്തുത കെട്ടിടം റവന്യു റിക്കവറി ഓഫീസ് പ്രവർത്തിക്കുന്നതിന് റവന്യു വകുപ്പിന് തന്നെ ആവശ്യമുണ്ട്. ഈ വിഷയത്തിൽ ഹൈക്കോടതിയിൽ ഒരു ഒ.പി. നിലവിലുള്ളതിനാൽ ഒ.പി.യിൽ ഹൈക്കോടതി തീരുമാനമറിഞ്ഞതിനുശേഷം മാത്രമേ, അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

79 (603) വർക്കല വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നൽകിയ സ്ഥലം

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് കെട്ടിടനിർമ്മാണത്തിന് 30.04.1958-ൽ ജി.ഒ. (എം.എസ്) 356 ആയി വർക്കല വില്ലേജിൽ സർവ്വേ 2161-ൽപ്പെട്ട ഇരുപത്തിനാലര സെന്റ് സ്ഥലം വിദ്യാഭ്യാസ വകുപ്പിന് നൽകിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പ് ഉപജില്ലാഓഫീസറുടെ അധീനതയിലുള്ള ഈ സ്ഥലം ഒരു വ്യക്തിയുടെ താല്പര്യം സംരക്ഷിക്കാൻ റെയിൽവേ പുറംപോക്കാക്കി മാറ്റാൻ നടത്തുന്ന ശ്രമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly